# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 941 — 03.12. 2014 ൽ മറുപടിക്ക്.

### പത്ര ജീവനക്കാരുടെ ശമ്പള കമ്മീഷൻ ശിപാർശകൾ

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു : | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| --- | --- |
| (എ) പത്ര ജീവനക്കാരുടെ ശമ്പള കമ്മീഷൻ ശിപാർശകൾ നടപ്പാക്കുന്നതിൽ വിമുഖത കാണിക്കുന്ന പത്രമാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പത്ര വ്യവസായത്തിലെ ശമ്പള പരിഷ്കരണത്തിനുള്ള മജീദിയ വേജ് ബോർഡ് ശിപാർശകൾ അട്ടിമറിക്കുന്ന പത്രമുടമയ്ക്ക് തൊഴിൽ വകുപ്പ് കൂട്ടുനിൽക്കുന്നതായ പത്രപ്രവർത്തക യൂണിയന്റെ ആരോപണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (ബി) സംസ്ഥാനത്തെ എല്ലാ പത്ര സ്ഥാപനങ്ങളിലും മജീദിയ വേജ് ബോർഡ് ശുപാർശ പ്രകാരമുള്ള വേതനം നടപ്പിലാക്കുന്നതിനും അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുന്നതിനുമായി തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ പത്രസ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ പത്ര സ്ഥാപന ഉടമകൾ, പത്ര പ്രവർത്തക യൂണിയൻ പ്രധിനിധികൾ, വേജ് ബോർഡ് മോണിറ്ററിംഗ് കമ്മിറ്റി ഇവ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |
| (സി) വൻതോതിൽ വരുമാനവും ലാഭവുമുള്ള പത്രസ്ഥാപനങ്ങൾ പോലും ശമ്പളകമ്മീഷൻ ശിപാർശകൾ നടപ്പാക്കാതെ തൊഴിലാളി വിരുദ്ധ നടപടികൾ ശക്തമാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ